## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2260** | 05.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

### ജി.എസ്.ടി സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാകുന്ന മാറ്റം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അടൂർ പ്രകാശ്<br>,, എ.പി. അനിൽ കുമാർ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ഹൈബി ഈഡൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി കൗൺസിലിൽ 29 ഉല്പന്നങ്ങളുടെയും 54 സേവനങ്ങളുടെയും നിരക്ക് കുറയ്ക്കുവാൻ എടുത്ത തീരുമാനം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാകുന്ന മാറ്റം എത്രയാണ്; | (എ) | മുൻപ് നിലവിലുണ്ടായിരുന്ന വാറ്റ്, സി.എസ്.ടി, സർവീസ് ടാക്സ്, എക്സൈസ് ഡ്യൂട്ടി എന്നിവ ലയിപ്പിച്ചാണ് ജി.എസ്.ടി നികുതി നിരക്ക് 28% ആയി നിശ്ചയിച്ചിട്ടുണ്ടായിരുന്നത്. ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും നികുതിനിരക്ക് 28% ൽ നിന്ന് 18% ആക്കി കുറച്ചത് സംസ്ഥാനത്തിന്റെ നികുതി പിരിവിൽ കുറവുണ്ടാക്കും. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് അടുത്ത 5 വർഷത്തേക്കുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുള്ള സാഹചര്യത്തിൽ നികുതി നിരക്ക് കുറയ്ക്കുവാൻ എടുത്ത തീരുമാനം മൂലം സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വരുമാനത്തിൽ മാറ്റമുണ്ടാകുന്നില്ല. |
| (ബി) | പെട്രോൾ, ഡീസൽ തുടങ്ങിയവയും റിയൽ എസ്റ്റേറ്റ് മേഖലയെയും ജി.എസ്.ടി യുടെ പരിധിയിൽ കൊണ്ടു വരുന്ന കാര്യം ജി.എസ്.ടി കൗൺസിൽ ചർച്ചചെയ്തിട്ടുണ്ടോ; | (ബി) | പെട്രോൾ, ഡീസൽ തുടങ്ങിയവയും റിയൽ എസ്റ്റേറ്റ് മേഖലയെയും ജി.എസ്.ടി യുടെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം 18/01/2018 ൽ കൂടിയ 25-ാമത് ജി.എസ്.ടി കൗൺസിലിന്റെ അജണ്ടയിലുണ്ടായിരുന്നു. |

| | | | |
|---|---|---|---|
| (സി) | റിയൽ എസ്റ്റേറ്റ് മേഖലയിൽ ജി.എസ്.ടി ഏർപ്പെടുത്തുന്നത് സംസ്ഥാന താല്പര്യങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) യും (ഡി) യും | ഉണ്ട്. ജി.എസ്.ടി നിലവിൽ വന്നതിനുശേഷം സംസ്ഥാനങ്ങൾക്ക് നികുതിനിരക്ക് തീരുമാനിക്കുന്നതിന് അധികാരമുള്ള ചുരുക്കം ചില മേഖലകളിൽ ഒന്നാണ് സ്റ്റാമ്പ് ഡ്യൂട്ടി. റിയൽ എസ്റ്റേറ്റ് മേഖലയിൽ ജി.എസ്.ടി ഏർപ്പെടുത്തുന്നതിന് എതിരെ സംസ്ഥാനത്തിനുള്ള വിയോജിപ്പ് ജി.എസ്.ടി കൗൺസിലിൽ ശക്തമായി രേഖപ്പെടുത്തുകയും രേഖാമൂലം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ എതിരഭിപ്രായം രേഖാമൂലം ജി.എസ്.ടി കൗൺസിലിന് നൽകിയിട്ടുണ്ടോ; | | |
| (ഇ) | ജി.എസ്.ടി നിലവിൽ വന്നിട്ടും കൊള്ളലാഭ നിയന്ത്രണ അതോറിറ്റി നിലവിൽ വരാത്തതിനാൽ അമിതലാഭമെടുക്കുന്നവർക്കെതിരെ യാതൊരു നടപടിയും എടുക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ജി.എസ്.ടി നടപ്പാക്കുമ്പോൾ സംഭവിക്കാവുന്ന അമിത ലാഭം തടയുന്നതിനുള്ള നടപടികളുടെ ഭാഗമായി കേന്ദ്രത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്ക്രീനിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കേരളം ഇതിനകം തന്നെ മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. 15.11.2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോ യെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്. |

**സെക്ഷൻ ഓഫീസർ**